# Regional Agricultural Research Station, Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593

Phone: 04936 260421, web: www.kau.edu, email: rarsamb@kau.in


നമ്പർ. ഇ 4310/22(27) തീയതി. 25 .11.2022

## ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2023 **ജനുവരി മാസം 01 മുതൽ 15** വരെ നടത്തുന്ന **അന്താരാഷ്ട്ര പുഷ്പഫല** പ്രദർശന മേള **"പൂപ്പൊലി 2023"** ന്റ ഭാഗമായി സ്റ്റാളുകൾ ഏറ്റെടുത്ത് നടത്തുന്നതിന് **വ്യക്തികൾ/ GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ** നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ താഴെ പറയുന്ന തീയതിയിൽ നടക്കുന്ന ലേലം/ക്വട്ടേഷൻ മുഖേന ഉറപ്പിച്ചു നൽകുന്നതാണ്.

### പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2023- സ്റ്റാൾ ക്വട്ടേഷൻ

എ ടൈപ്പ് സ്റ്റാളുകൾ (ഉദ്ദേശം 150 എണ്ണം) (അടിസ്ഥാന വില: 20,000/- രൂപ + ജി.എസ്.ടി. 18% )

എ ടൈപ്പ് സ്റ്റാളുകൾ (ഉദ്ദേശം 60 എണ്ണം) (അടിസ്ഥാന വില: 20,000/- രൂപ + ജി.എസ്.ടി. 18% )

- **മേൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത് വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിൽ ആയിരിക്കണം**
- **ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**
- **ക്വട്ടേഷൻ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്**
- **മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം**
- **ക്വട്ടേഷൻ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്**

**ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത്** :

### പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2023- സ്റ്റാൾ ക്വട്ടേഷൻ

ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തീയതി, സമയം : **02.12.2022, 11.00 a.m**

ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം : **02.12.2022, 11.30 a.m**

നിരതദ്രവ്യം : **2000/- രൂപ**

സെക്യൂരിറ്റി ഡെപ്പോസിറ്റ് (ക്വട്ടേഷൻ ലഭിക്കുന്നവർ) : **5000**/- (ഒരു സ്റ്റാളിന്) **(അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്.അമ്പലവയലിന്റെ പേരിൽ ഡി ഡി ആയോ/പണം ആയി ഓഫീസിൽ നേരിട്ട് ഉടുക്കിയ രസീത് ആയോ)**

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
മേഖലാ കാർഷിക ഗവേഷണ കേന്ദ്രം,
അമ്പലവയൽ

ക്വട്ടേഷൻ സംബന്ധിച്ച നിബന്ധനകൾ:

- ഭക്ഷണ പദാർത്ഥങ്ങൾ /ലഹരി പദാർത്ഥങ്ങൾ എന്നിവ സ്റ്റാളുകളിൽ വിൽക്കുവാൻ പാടില്ല
- വിൽക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുക്കളുടെ വിവരം ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്
- ചെടികൾ/ഫലവൃക്ഷതൈകൾ എന്നിവയുടെ വിൽപ്പന സ്റ്റാളുകളിൽ അനുവദിക്കുന്നതല്ല.
- സ്റ്റാളുകളിൽ സൗജന്യമായി ലൈറ്റ്, ഒരു മേശ, 2 കസേര എന്നിവ മാത്രമേ നൽകുകയുള്ളു. കൂടുതൽ വൈദ്യുതി ആവശ്യം ഉള്ളവർ ആയതിന് പ്രത്യേകം ഫീസ് അടയ്ക്കേണ്ടതാണ് .
- **വൈദ്യുതി പോയന്റ് അധികം ആവശ്യമുള്ളവർ ഒരു പോയന്റിന് ഈ സ്ഥാപനം നിശ്ചയിച്ച അധികം തുക അടയ്ക്കേണ്ടതാണ്.**
- സ്റ്റാളുകൾ അനുവദിക്കുന്നത് സ്ക്രീനിങ് കമ്മിറ്റിയ്ക്കുവിധേയമായിട്ടായിരിക്കും
- കൂടുതൽ സ്റ്റാളുകൾ ആവശ്യമുള്ളവർ ഓരോ സ്റ്റാളുകൾക്കും സ്റ്റാൾ നമ്പറുകൾ എഴുതി പ്രത്യേകം നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. ആനുപാതികമായി നിരതദ്രവ്യം ഒരോ സ്റ്റാളിന് സെക്യൂരിറ്റി

ഡെപ്പോസിറ്റ് **2000/-** രൂപ എന്ന നിരക്കിൽ അടക്കേണ്ടതുമാണ് ക്വട്ടേഷനിൽ വിൽപ്പനയ്ക്ക് ഉള്ള ഉൽപ്പന്നങ്ങളുടെ വിവരം നിർബന്ധമായും കാണിച്ചിരിക്കേണ്ടതാണ്.

- ലേലം/ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകകൾ രേഖപ്പെടുത്തുന്നവർക്ക് ആയിരിക്കും സ്റ്റാളുകൾ അനുവദിച്ചു നൽകുന്നത്.
- സ്റ്റാളുകളിൽ അംഗീകൃത ഉപകരണങ്ങൾ/ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുവാൻ പാടുകയുള്ളൂ. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.
- ചെടികൾ/ഫലവൃക്ഷങ്ങൾ എന്നിവയുടെ വിൽപ്പന സ്റ്റാളുകളിൽ അനുവദിക്കുന്നതല്ല.
- **ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചു മാത്രമേ സ്റ്റാളുകളുടെ പ്രവർത്തനം നടത്താൻ പാടുള്ളു.ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് സാധനങ്ങൾ സ്റ്റാൾ മുഖേന വിൽക്കുവാൻ പാടുള്ളതല്ല.**
- നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ്/പണം ഓഫീസിൽ നേരിട്ട് അടച്ച രസീതോ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ക്വട്ടേഷൻ ലഭിക്കുന്നവർ യാതൊരു കാരണവശാലും സ്റ്റാളുകൾ മറ്റൊരാൾക്ക് മറിച്ച് നൽകുവാൻ പാടുള്ളതല്ല.
- ക്വട്ടേഷനിൽ പോകാത്ത സ്റ്റാളുകൾ അടിസ്ഥാന വില അടച്ച് പിന്നീട് വരുന്നവർക്ക് നൽകുന്നതാണ്. ഇപ്രകാരം വരുന്നവരും സെക്യൂരിറ്റി ഡെപ്പോസിറ്റായി 2000 രൂപ അടയ്ക്കേണ്ടതാണ്.
- **ക്വട്ടേഷൻ ലഭിക്കുന്നവർ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് അന്നേദിവസം തന്നെ അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക പൂർണമായും പൂപ്പൊലി തുടങ്ങുന്നതിനു 10 ദിവസം മുമ്പ് അടയ്ക്കേണ്ടതാണ് (20.12.19 ന്)**

**ഇതര നിബന്ധനകൾ:**

- നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിയ്ക്കുന്നതല്ല.
- ക്വട്ടേഷനുകൾ നിർദ്ദിഷ്ട മാതൃകയിലുള്ള ക്വട്ടേഷൻ ഫോമിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്.
- ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
- യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്ന തിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
- ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ജോലി ചെയ്ത് തരുന്നത് ബാദ്ധ്യസ്ഥനായിരിക്കും.
- അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതും നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതുമാണ്.
- സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
- നികുതികൾ ബാധകമാണെങ്കിൽ അത് ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല
- ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 a.m.**ന് ക്വട്ടേഷൻ തുറക്കുന്നതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

ഒപ്പ്/-

**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

പകർപ്പ് : വിതരണത്തിന്, നോട്ടീസ് ബോർഡ്, കെ.എ.യു വെബ് സൈറ്റ്